(ഡി) മൂന്നാർ കയ്യേറ്റം പരിശോധിക്കാനെത്തിയ കേന്ദ്ര സംഘവും പ്രസ്തുത ഭൂമി സംരക്ഷിതവനമായി പ്രഖ്യാപിക്കണമെന്ന് ശുപാർശ ചെയ്തിരുന്നോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൂന്നാറിൽ 17066.49 ഏക്കർ സ്ഥലം സംരക്ഷിത വനമായി വിജ്ഞാപനം ചെയ്യുവാനുള്ള പുതുക്കിയ നോട്ടിഫിക്കേഷൻ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 29-3-1974-ലെ L.B.(A)25227/71 നമ്പർ ലാന്റ് ബോർഡ് അവാർഡ് പ്രകാരമാണ് പ്രസ്തുത ഭൂമി സംരക്ഷിത വനമാക്കുന്നതിന് സംസ്ഥാന സർക്കാർ ആദ്യമായി ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ഉണ്ടായിട്ടില്ല.

(ഡി) ശുപാർശ ചെയ്തിരുന്നു. കേരള വനനിയമം സെക്ഷൻ (4) പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിക്കാൻ കരട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ ഭൂമി അടിയന്തരമായി റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യണമെന്നാണ് കേന്ദ്ര സംഘം റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്.

റിസർവ്വ് വനമായി മാറ്റിയ റവന്യൂ ഭൂമി

115 (5810) ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ ഭൂമി റിസർവ്വ് വനമായോ വന്യമൃഗസങ്കേതമായോ മാറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ഭൂവിസ്തൃതിയും വനവിസ്തൃതിയും പ്രൊട്ടക്ടഡ് ഏരിയയുടെ വിസ്തൃതിയും തമ്മിലുള്ള അനുപാതം എന്താണ് ; പ്രസ്തുത അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലോ കുറവോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാഗമണ്ണിൽ 440.06 ഹെക്ടറും മാങ്കുളത്ത് 9009.46 ഹെക്ടറും റിസർവ്വ് വനമാക്കി മാറ്റിയിട്ടുണ്ട്. 3200 ഹെക്ടർ സ്ഥലം കുറിഞ്ഞിമല സാങ്ച്വറിയായും 150 ഹെക്ടർ സ്ഥലം കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വായും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ 29 ശതമാനം വന വിസ്തൃതിയും 8 ശതമാനം പ്രൊട്ടക്റ്റഡ് ഏരിയായുടെ വിസ്തൃതിയും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly